**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **20-01-2021 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . വി. ടി. ബൽറാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിന് കൺസൾട്ടന്റിനെ നിയോഗിച്ചിരുന്നോ; ആരെയാണ് കൺസൾട്ടന്റായി തെരഞ്ഞെടുത്തതെന്നും എപ്രകാരമാണ് അവരെ തെരഞ്ഞെടുത്തതെന്നും വിശദമാക്കുമോ; | (എ) | കേരള ഫൈബർ ഒപ്റ്റിക് നെറ്റ്.വർക്ക് (കെ-ഫോൺ) പദ്ധതിയുടെ നടത്തിപ്പി നായി ഒരു NICSI എംപാനൽഡ് ഏജൻസിയെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റായി (പി.എം.യു) NICSI നിരക്കിൽ നിയോഗിക്കണമെന്ന് തീരുമാനിച്ചതിൻ പ്രകാരം പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന കൺസൾട്ടന്റിനെ പി.എം.യു ആയി നിയമിച്ചു ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസി സേവനത്തിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി ഐ.ടി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) കരാറിൽ ഏർപ്പെട്ടിരുന്നു. പ്രതിമാസം ഈ ഇനത്തിൽ GST ഉൾപ്പെടെ ഏകദേശം 20,64,528/- രൂപയാണ് (ഇരുപത് ലക്ഷത്തി അറുപത്തി നാലായിരത്തി അഞ്ഞൂറ്റി ഇരുപത്തിയെട്ട് രൂപ) NICSI നിരക്കിൽ കൺസൾട്ടൻസി ഫീസായി പ്രസ്തുത കമ്പനിയ്ക്ക് കെ.എസ്.ഐ.ടി.ഐ.എൽ നൽകിയിരുന്നത്. |
| (ബി) | കെ-ഫോൺ പദ്ധതിയുടെ കൺസൾട്ടന്റുമാർക്ക് പ്രതിമാസം ശമ്പളയിനത്തിൽ എന്ത് തുകയാണ് നൽകേണ്ടത്; | (ബി) | കേരള ഫൈബർ ഒപ്റ്റിക് നെറ്റ്.വർക്ക് (കെ-ഫോൺ) പദ്ധതിയുടെ നടത്തിപ്പിനായി ഒരു NICSI എംപാനൽഡ് ഏജൻസിയെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റായി (പി.എം.യു) NICSI നിരക്കിൽ നിയോഗിക്കണമെന്ന് തീരുമാനിച്ചതിൻ പ്രകാരം പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന കൺസൾട്ടന്റിനെ പി.എം.യു ആയി നിയമിച്ചു ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസി സേവനത്തിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി ഐ.ടി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) കരാറിൽ ഏർപ്പെട്ടിരുന്നു. പ്രതിമാസം ഈ ഇനത്തിൽ GST |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ ഏകദേശം 20,64,528/- രൂപയാണ് (ഇരുപത് ലക്ഷത്തി അറുപത്തി നാലായിരത്തി അഞ്ഞൂറ്റി ഇരുപത്തിയെട്ട് രൂപ) NICSI നിരക്കിൽ കൺസൾട്ടൻസി ഫീസായി പ്രസ്തുത കമ്പനിയ്ക്ക് കെ.എസ്.ഐ.ടി.ഐ.എൽ നൽകിയിരുന്നത്. |
| (സി) | നിലവിലുണ്ടായിരുന്ന കൺസൾട്ടന്റിനെ മാറ്റുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് ലിമിറ്റഡിനു 01.12.2018 മുതൽ 30.11.2020 വരെ 24 മാസത്തേയ്ക്കായിരുന്നു കരാർ നൽകിയിരുന്നത്. ഐ.ടി വകുപ്പിന് കീഴിലുള്ള സ്പെയ്സ് പാർക്ക് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിലുണ്ടായ ജാഗ്രത കുറവും വീഴ്ചയും കാരണം പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിനെ സംസ്ഥാനത്തെ ഐ.ടി. വകുപ്പിന് കീഴിലുള്ള പദ്ധതികളിൽ പങ്കെടുക്കുന്നതിൽ നിന്നും 27.11.2020 മുതൽ രണ്ട് വർഷത്തേക്ക് വിലക്കേർപ്പെടുത്തിയതിനാൽ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായിട്ടുള്ള കരാർ 30.11.2020 ന് ശേഷം പുതുക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| (ഡി) | ഇവർക്ക് പകരം മൂന്ന് പേരടങ്ങുന്ന പ്രോജക്റ്റ് മാനേജ്മെന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ തീരുമാനിച്ചോ; അതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; | (ഡി) | പ്രസ്തുത കൺസൾട്ടൻസിയ്ക്ക് പകരം മൂന്ന് പേരടങ്ങുന്ന പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ തീരുമാനിക്കുകയും അതിനായി കെ.എസ്.ഐ.ടി.ഐ.എൽ അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ഇ ഗവേണൻസ് മിഷൻ ടീമിന്റെ (എസ്.ഇ.എം.ടി) ഹെഡിനേയും എസ്.ഇ.എം.ടി-യിലെ മൂന്ന് കൺസൾട്ടന്റിനെയും കെ-ഫോണിലേക്ക് നിയോഗിച്ചിട്ടുണ്ട്. |
| (ഇ) | നിലവിലുണ്ടായിരുന്ന കൺസൾട്ടന്റിനെ ഒഴിവാക്കി പ്രോജക്റ്റ് മാനേജ്മെന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന സാഹചര്യത്തിൽ പ്രതിമാസം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ലാഭം എത്രയാണ്; | (ഇ) | നിലവിലുണ്ടായിരുന്ന കൺസൾട്ടന്റ് പദ്ധതിയുടെ സ്റ്റഡി, ഡിസൈൻ, ടെൻഡർ പ്രക്രിയ വെരിഫിക്കേഷൻ എന്നീ സ്റ്റേജുകളിലാണ് പ്രവർത്തിച്ചിരുന്നത്. കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിന് കീഴിലുള്ള ടെലി കമ്മ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡിനെ (TCIL) പ്രോജക്റ്റ് മാനേജ്മെന്റ് ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിനു പുറമേയാണ് എസ്.ഇ.എം.ടി-യിൽ നിന്നും മൂന്ന് കൺസൾട്ടന്റിനെയും നിയോഗിച്ചത്. അതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ സാധ്യമല്ല. |
| (എഫ്) | വൻകിട കൺസൾട്ടൻസി വഴി മാത്രമേ കെ-ഫോൺ പോലുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയൂ എന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (എഫ്) | കെ-ഫോൺ പോലുള്ള പദ്ധതികൾ ആദ്യമായിട്ടാണ് കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നത്. അതിനാൽ അന്താരാഷ്ട്ര കമ്പനികളുടെ അനുഭവ സമ്പത്ത് ഒരു മുതൽ കൂട്ടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ